പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.272    18.3.2013 ൽ മറുപടിക്ക്

## നിരപരാധികളെ കേസ്സിൽ കുടുക്കുന്ന സംഭവങ്ങൾക്കെതിരെ നടപടി

| ചോദ്യം<br>ശ്രീ. എം. ഹംസ | മറുപടി<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി) |
|---|---|
| (എ) കൊലപാതകം ഉൾപ്പെടെയുള്ള കേസ്സുകളിൽ അന്വേഷണ ഉദ്യോഗസ്ഥൻ മാരുടെ അശ്രദ്ധയും, ഒത്തുകളിയും കാരണം പ്രതികൾ ശിക്ഷിക്കപ്പെടാതെ പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br>(ബി) നിരപരാധികളായ ചിലരെ വ്യക്തി വൈരാഗ്യത്തിന്റെ പേരിലും രാഷ്ട്രീയ ശത്രുതയുടെ പേരിലും കേസിൽ കുടുക്കുകയും പിന്നീട് കോടതി അവരെ നിരപരാധികൾ ആണെന്ന് പറഞ്ഞ് വിട്ടയക്കുകയും ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br>(സി) ഇത്തരം സംഭവങ്ങൾക്ക് ഉത്തരവാദികളായ പോലീസ് ഉദ്യോഗസ്ഥൻമാരുടെ പേരിൽ എന്തെങ്കിലും നടപടികൾ എടുത്തിട്ടുണ്ടോ; | (എ), (ബി) &(സി) ഒറ്റപ്പെട്ട സംഭവങ്ങൾ ഉണ്ടാകാറുണ്ട്. അത്തരം സംഭവങ്ങൾക്ക് ഉത്തരവാദികളായ പോലീസ് ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടികൾ കൈക്കൊള്ളാറുണ്ട്. |
| (ഡി)ഇത്തരം പാളിച്ചകൾക്ക് നടപടി എടുക്കുവാൻ ആവശ്യമായ നിയമങ്ങൾ ഇന്നുണ്ടോ; | (ഡി) ഇത്തരം സംഭവങ്ങൾ ശ്രദ്ധയിൽ പ്പെട്ടാൽ ഉത്തരവാദികളായ ഉദ്യോഗസ്ഥർ ക്കെതിരെ നടപടികൾ സ്വീകരിക്കുവാൻ ആവശ്യമായ നിയമങ്ങൾ നിലവിലുണ്ട്. |
| (ഇ) ഇത് മോണിറ്റർ ചെയ്യുവാനുള്ള എന്തെല്ലാം സംവിധാനങ്ങളാണ് പോലീസ് വകുപ്പിലുള്ളത്; | (ഇ) റിപ്പോർട്ടാകുന്ന കേസുകളുടെ അന്വേഷണം ശരിയായ ദിശയിലാണെന്ന് ഉറപ്പ് വരുത്തുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ മേലുദ്യോഗസ്ഥൻ യഥാസമയം നൽകി വരുന്നുണ്ട്. കൂടാതെ എസ്.ഐമാർ അന്വേഷിക്കുന്ന കേസുകൾ സി.ഐ മാരും, സി.ഐമാർ അന്വേഷിക്കുന്ന കേസുകൾ ഡി.വൈ.എസ്.പി മാരും അതിനു മുകളിലോട്ടുള്ള ഉദ്യോഗസ്ഥരും മോണിറ്റർ ചെയ്യാറുണ്ട്. ഇതിനു പുറമേ ക്രൈം റിവ്യൂ മീറ്റിംഗുകൾ ജില്ലകളിലും, റേഞ്ചു തലത്തിലും, സോണൽ തലത്തിലും, സംസ്ഥാന തലത്തിലും വിളിച്ചുകൂട്ടി കേസുകളെ സംബന്ധിച്ച അപാകതകളും മറ്റും പരിശോധിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകിവരുന്നുണ്ട്. |

| | |
|---|---|
| (എഫ്) ഇത് സംബന്ധിച്ച നിയമത്തിൽ പോരായ്മകൾ ഉണ്ടെങ്കിൽ അതു പരിഹരിക്കുവാൻ നടപടികൾ സ്വീകരിക്കുമോ; | (എഫ്) നിലവിലുള്ള നിയമം ഇക്കാര്യത്തിൽ പര്യാപ്തമാണ്. |
| (ജി) കഴിഞ്ഞ 2 വർഷത്തിനുള്ളിൽ പ്രോസിക്യൂഷന്റെ അനാസ്ഥയും കാര്യശേഷിയുടെ കുറവും ഒത്തുകളിയും കാരണം എത്ര കൊലക്കേസ് പ്രതികളെ വെറുതെ വിട്ടു എന്ന് കണക്കാക്കിയിട്ടുണ്ടോ? | (ജി) ഇത്തരത്തിലുള്ള സംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടില്ല. |

സെക്ഷൻ ഓഫീസർ